## 12

# കൃപയാൽ രക്ഷിക്കപ്പെട്ടു

## (2:8-10)

ബില്ലുകൾ കൊടുത്തു തീർക്കുവാനുള്ള ചെക്ക് എഴുതുക എന്നതാണ് എനിക്ക് ഇഷ്ടം കുറഞ്ഞ പ്രവൃത്തികളിൽ ഒന്ന്. ഒരു കൂമ്പാരം ആകുവോളം ഞാൻ സാധാരണ അതു നോക്കാതെ നീട്ടി വെക്കും. ഞാൻ അത് ചെയ്തു തീർക്കേണ്ട സമയമായി എന്ന് അപ്പോൾ എനിക്കറിയാം.

എല്ലാമാസവും പതിനഞ്ചാം തീയതിയാണ് ഞാൻ ഇൻഷുറൻസ് തുക അടക്കേണ്ടത്. ചിലപ്പോൾ കൃത്യം പതിനഞ്ചിനു തന്നെ ചെക്ക് അയക്കാൻ ഞാൻ വിട്ടുപോകും. ചില സമയങ്ങളിൽ ചെക്ക് അയക്കുവാൻ തന്നെ മറന്നു പോയിട്ട് അവർ നോട്ടീസ് അയക്കുമ്പോഴായിരിക്കും അറിയുന്നത്. എങ്ങനെയായാലും, കമ്പനി അപ്പോഴും എനിക്ക് ഇൻഷ്വർ ചെയ്യും. അവർ എനിക്കു നൽകുന്നത് "മുപ്പതു ദിവസ കൃപാകാലയളവ്" എന്ന അവരുടെ രീതിയാണ്. അടക്കേണ്ട തീയതിക്ക് അടക്കാതിരുന്നാലും, മുപ്പതു ദിവസത്തേക്കുകൂടെ, അവർ എന്നെ ഉൾപ്പെടുത്തും.

ആ കൃപാ കാലയളവിനു എനിക്കു യോഗ്യതയുണ്ടോ? ഇല്ല, ഞാൻ അവർക്കു കൊടുക്കേണ്ട തുക കൊടുത്തിട്ടില്ല. അവർ എനിക്കു വെറുതെ നീട്ടി തരികയാണ്. എനിക്ക് അർഹതയില്ലാത്തതാണ് വാസ്തവത്തിൽ അവർ എനിക്കു തരുന്നത്.

ബൈബിളിലെ പ്രധാനവാക്കുകളിൽ ഒന്നാണ് "കൃപ." മൂലവാക്കായ എബ്രായ പദത്തിൽ കുനിയുക അല്ലെങ്കിൽ താഴേക്കു വളയുക എന്ന ആശയം ഉൾപ്പെടുന്നു. ക്രമേണ, അതിൽ "താഴ്ന്നവരോടുള്ള ഉപകാരം," എന്ന ചിന്ത അല്ലെങ്കിൽ അപ്രതീക്ഷിതമായി ആർക്കെങ്കിലും ചെയ്യുന്ന ഉപകാരവും ഉൾപ്പെടുന്നു. ഒരു രാജാവു തന്റെ ഹൃദയത്തിലെ ഔദാര്യം നിമിത്തം, ഒരു ദാസന്റെ അടുത്തു ചെന്നു ദയവോടെ എന്തെങ്കിലും ചെയ്യുന്നതു ഓർക്കുക.

ബൈബിളിൽ മനുഷ്യരോടുള്ള ദൈവത്തിന്റെ കൃപയെ സൂചിപ്പിച്ചിരിക്കുമ്പോഴെല്ലാം, പ്രവൃത്തിയുടെ യോഗ്യമല്ലാത്ത സ്വഭാവത്തിന് ഊന്നൽ കൊടുത്തിരിക്കുകയാണ്. ദൈവം നമ്മോടു ദയ കാണിക്കുന്നത് അവന്റെ ഭാഗത്തുനിന്നുള്ള സ്നേഹവും കരുതലും നിമിത്തമാണ്, അല്ലാതെ നമ്മുടെ യോഗ്യത നിമിത്തം കാണിക്കുന്ന ഒന്നല്ല. കൃപ എന്നതു ദൈവം നമുക്കു സൗജന്യമായി തരുന്നതാണ്, അല്ലാതെ ദൈവത്തിനു യാതൊരു കടപ്പാടുമുണ്ടായിട്ടല്ല.

"കൃപ" എന്ന വാക്ക് പ്രത്യേകമായി യേശു ഉപയോഗിച്ചതായ ഒരു രേഖയുമില്ല എന്നു നിങ്ങൾക്ക് അറിയാമോ? എങ്ങനെയായാലും, കൃപയുടെ

അർത്ഥം അവൻ പൂർണ്ണമായും മനസ്സിലാക്കിയിരുന്നു എന്നു അവന്റെ പ്രവൃത്തികൾ സൂചിപ്പിക്കുന്നു. യേശുവിൽ നിന്നു കൃപ സൗജന്യമായി ഒഴുകി. അതു ശമര്യയിലെ കിണറ്റിനരികെയും, കാനാവിലെ കല്ല്യാണവിരുന്നിലും, മേൽക്കൂരയിൽ കൂടെ യേശുവിന്റെ മുൻപിൽ ഇറക്കിയ പക്ഷവാതരോഗിയുടെ മേലും ഒഴുകി. ചുങ്കക്കാരനായിരുന്ന സക്കായിയുടെ മേലും, യേശുവിന്റെ വസ്ത്രത്തിൽ തൊട്ട സ്ത്രീയുടെ മേലും, വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ മേലും യേശു കൃപ കാണിച്ചു.

പ്രത്യേകമായി ക്രൂശിൽ കൃപ ധാരാളമായുണ്ടായിരുന്നു. നാം തിരുവെഴുത്തു വായിക്കുമ്പോൾ, ഗൊൽഗോഥയിൽ ഒരു നിരാശനായ മരിക്കുവാൻ പോകുന്ന കുറ്റവാളിയെ നാം കാണുന്നു, അയാൾ കരഞ്ഞുകൊണ്ടു പറയുന്നതു കേൾക്കാം, "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ" (ലൂക്കൊസ് 23:42). ആ കള്ളനു പ്രാധാന്യമുള്ളതിനെ ഒഴിച്ചു, യേശുവിനെ കുറിച്ചു വളരെ കുറച്ചു മാത്രമെ അറിയുമായിരുന്നുള്ളൂഅവൻ തന്റെ നിസഹായാവസ്ഥ അറിഞ്ഞിരുന്നു. ചിലർ അവകാശപ്പെട്ടതുപോലെ തന്നെ ആയിരുന്നു യേശു എങ്കിൽ, അവനു മാറ്റം വരുത്തുവാൻ കഴിയുമെന്നു അവൻ തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് ആ കള്ളൻ കരുണക്കായി അപേക്ഷിച്ചത്. യേശുവിനു മാത്രം നല്കുവാൻ കഴിയുന്ന കൃപക്കാണ് അവൻ കേണത്.

രണ്ടു കള്ളന്മാർക്കിടയിലെ യേശുവിന്റെ നിമിഷങ്ങളെ ഇപ്രകാരം ഒരു എഴുത്തുകാരൻ എഴുതി:

> എന്നോടു പറയുക, സഹായം നൽകുവാൻ ആ മനുഷ്യൻ എന്താണ് ചെയ്തത്? അയാൾ തന്റെ ജീവിതം പാഴാക്കി. പാപക്ഷമാപണം അപേക്ഷിക്കുവാൻ അയാൾ ആരാണ്? അവൻ പരസ്യമായി യേശുവിനെ പരിഹസിച്ചു. ആ പ്രാർത്ഥന പ്രാർത്ഥിക്കുവാൻ അവനു എന്ത് അവകാശം ആണുള്ളത്?
>
> നിങ്ങൾക്ക് അതറിയുവാൻ വാസ്തവത്തിൽ ആഗ്രഹമുണ്ടോ? നിങ്ങൾക്കു പ്രാർത്ഥിക്കുവാനുള്ള അതേ അവകാശം തന്നെയാണ്.
>
> നോക്കുക, നിങ്ങളും ഞാനും ആണ് ക്രൂശിൽ. നഗ്നർ, ദുരിത പൂർണ്ണർ, പ്രത്യാശാരഹിതർ, ഭിന്നിപ്പിച്ചവർ. അതാണ് നാം. അങ്ങനെയുള്ള നാം ചോദിക്കുന്നു, "ഞാൻ ചെയ്യുന്നതിനു ഉപരിയായി, നിങ്ങൾ കാണുന്നതിനുപരിയായി, നാം വീട്ടിൽ ചെല്ലുമ്പോൾ നിങ്ങൾക്ക് എന്നെ ഓർമ്മിക്കുവാൻ എന്തെങ്കിലും വഴി ഉണ്ടോ?"
>
> നാം പ്രശംസിക്കുന്നില്ല. ...
>
> അതു നമ്മുടെ യോഗ്യതക്കുമപ്പുറത്താണ്. എന്നാൽ നാം നിരാശരാണ്. അതുകൊണ്ട് നാം യാചിക്കുന്നു.[1]

പൗലൊസ് 2:8-10 എഴുതിയതിൽ മുഖ്യമായും ഉള്ളത് രക്ഷ കൃപയാലാണ് ലഭിക്കുന്നത് എന്നാണ്:

> കൃപയാലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ, പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പ

ണിയായി, സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു, നാം ചെയ്തു പോരേണ്ടതിനു, ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.

കൃപയാലുള്ള രക്ഷയെ ഈ വേദഭാഗം ഉറപ്പിക്കുന്നു. അത് നമ്മോടു പറയുന്നത് ഇതാണ്: *നമ്മുടെ രക്ഷ സാധ്യമാക്കുന്ന കൃപക്കുവേണ്ട മഹത്വം ദൈവത്തിന്റെ മാത്രം യോഗ്യതയാണ്.* അതാണ് 2:8-10 ലെ അടിസ്ഥാന സത്യം.

## ദൈവകൃപയുടെ മാഹാത്മ്യത്തെ ഉയർത്തുന്നതാണ് നമ്മുടെ രക്ഷ

വാക്യം 8 വായിക്കുക, "കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു," കൂടാതെ അതിലെ മൂന്നു മുഖ്യവാക്കുകൾ ശ്രദ്ധിക്കുക. നാമമായ "കൃപ" യാണ് ഒന്നാമത്തേതു (ഗ്രീക്ക്.: *ചാരിസ്*). അർഹതയില്ലാത്ത ആർക്കെങ്കിലും ചെയ്യുന്ന ദൈവത്തിന്റെ നല്ല പ്രവൃത്തിയാണ് കൃപ. രക്ഷക്കു നമ്മിൽ അർഹതയൊന്നുമില്ല. നാം എന്താണെന്നുള്ളതും നമുക്ക് എന്തു ചെയ്യാമെന്നുള്ളതും ദൈവത്തെ അവനോടുകൂടെ നമുക്കും നിത്യജീവൻ തരുവാൻ കടപ്പെട്ടിരിക്കുന്ന അവസ്ഥയിൽ കൊണ്ടുവരുന്നില്ല. ഒരു സൽപ്രവൃത്തിയും, മതപരമായ ഒരു ചടങ്ങും, ഒരു യാഗവും, നൈമിഷികമായ ഒരു സംഭാവനയും, കർത്താവിന്റെ നാമത്തിൽ അർപ്പിക്കുന്ന സേവനങ്ങളൊന്നും തന്നെ ദൈവം നമ്മെ രക്ഷിക്കുവാൻ മതിയായവയല്ല.

നമുക്കു മനസ്സിലാക്കാവുന്ന ഏറ്റവും അവിശ്വസനീയമായ ചിന്ത ഇതാണ്: നാം അവനെതിരായി പാപം ചെയ്തിട്ടു പോലും, നമുക്കു അവനോടൊപ്പം സ്വർഗ്ഗത്തിൽ നിത്യജീവൻ നല്കേണ്ടതിനു അവൻ ആഗ്രഹിക്കുകയും, തന്റെ കൃപയാൽ നമ്മെ രക്ഷിക്കുവാൻ ആഗ്രഹിക്കുകയും, നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു. അതിശയിപ്പിക്കുന്ന ദൈവകൃപയെ കവിയുന്ന മറ്റൊന്നുമില്ല!

വാക്യം 8-ലെ രണ്ടാമത്തെ മുഖ്യ വാക്ക് "രക്ഷിക്കപ്പെട്ടു" എന്നതാണ് (ഗ്രീക്ക്.: *സോസോ*). ക്രിയ നിഷ്ക്രിയമാണ്. നമുക്കുവേണ്ടി ചെയ്തതിനെ അത് ഊന്നി പറഞ്ഞിരിക്കയാണ്. നാം നമ്മെ രക്ഷിക്കുന്നില്ല. ദൈവം നമ്മെ രക്ഷിക്കുന്നു. ദൈവം നമുക്കു വേണ്ടി പ്രവർത്തിച്ചു. നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നതിനെ സാക്ഷീകരിക്കുന്നതാണ് നമ്മുടെ രക്ഷ.

മൂലവാക്ക് "രക്ഷിക്കപ്പെട്ടു" എന്നതു അർത്ഥമാക്കുന്നത് "വിടുവിച്ചു, മോചിപ്പിച്ചു" എന്നതിനെയാണ്. ദൈവകൃപയാണ് നമ്മെ മോചിപ്പിച്ചത്. അദ്ധ്യായം 2-ലെ സന്ദർഭത്തിൽ, ഇത് എന്ത് ഉൾപ്പെടുത്തിയിരിക്കുന്നു എന്നു നമുക്കു കാണാം. ദൈവകൃപ നമ്മിലേക്കു ഒഴുകുന്നതിനു മുൻപു, നാം മരിച്ചവരായിരുന്നു – ദൈവത്തിൽ നിന്നു പൂർണ്ണമായും വിഛേദിച്ചവർ (2:1), പിശാചിന്റെ നിയന്ത്രണത്തിലായിരുന്നു (2:2), ദൈവത്തിന്റെ ന്യായവിധി അഭിമുഖീകരിക്കേണ്ട പാപികളും ആയിരുന്നു (2:3).

നമ്മെ വിടുവിച്ചത് ദൈവകൃപയാണ്. നമ്മെ മരണത്തിൽ നിന്നു ജീവങ്കലേക്കു വിടുവിച്ചതു അവന്റെ കൃപയാണ്. പിശാചിന്റെ നിയന്ത്രണത്തിൽ നിന്നു നമ്മെ മോചിപ്പിച്ചതു അവന്റെ കൃപയാണ്. അവന്റെ കൃപ പാപികളായി ശിക്ഷാവിധിക്കു ദൈവത്തിന്റെ ന്യായവിധിയെ നേരിടേണ്ടിയിരു

ന്നതിൽ നിന്നു നമ്മെ മോചിപ്പിച്ചു. കൃപയാൽ, നാം രക്ഷിക്കപ്പെട്ടു.

വാക്യം 8-ലെ മൂന്നാമത്തെ മുഖ്യ വാക്ക് "വിശ്വാസം" എന്നതാണ് (ഗ്രീക്ക്.: *പിസ്റ്റിസ്*). നമുക്കു കൃപയാലുള്ള രക്ഷ വരുന്നത് നമ്മുടെ വിശ്വാസ വഴിയിലൂടെയാണ്. ദൈവത്തിന്റെ കൃപയാലുള്ള രക്ഷ ലഭിക്കുവാൻ നമുക്കു വിശ്വാസം ഉണ്ടാകണം. ദൈവത്തിന്റെ വാക്കുകളിലും വാഗ്ദാനങ്ങളിലും നാം ആശ്രയിച്ചു പ്രവർത്തിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു, എന്നാൽ നമ്മുടെ വിശ്വാസ പ്രവൃത്തി ഒരു തരത്തിലും രക്ഷ സമ്പാദിക്കുന്നതാകരുത്.

കോളേജിലെ എന്റെ പല കോഴ്സുകളും പ്രൊഫസറുമായി ഒരു കരാറുണ്ടാക്കിയാണ് ഞാൻ ചെയ്തതു. "ബി" ഗ്രേഡ് എനിക്കു കിട്ടുവാൻ അതും, ഇതും, ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നു. അതുപോലെ "ഏ" ഗ്രേഡ് കിട്ടുവാനും, ഇതും, അതും, ചെയ്യുവാൻ എന്നോടു ആവശ്യപ്പെട്ടിരുന്നു. സെമസ്റ്ററിന്റെ അവസാനത്തിൽ, ഒരു "ഏ" ഗ്രേഡിനു ഞാൻ കരാറുണ്ടാക്കി "ഏ," ഗ്രേഡിനു ആവശ്യമായതെല്ലാം ചെയ്തിരുന്നെങ്കിൽ ആ "ഏ" ഗ്രേഡ് എനിക്കു ലഭിക്കുമായിരുന്നു. പ്രൊഫസർ എനിക്കു "ഏ" ഗ്രേഡ് ഒരു ആനുകൂല്യമായി നല്കിയില്ല. അദ്ദേഹം എനിക്ക് "ഏ" ഗ്രേഡ് നല്കുന്നതിൽ കൃപ കാണിച്ചില്ല. ഞാൻ അതിനുവേണ്ടി അദ്ധ്വാനിച്ചിരുന്നെങ്കിൽ, ആ ഗ്രേഡ് നല്കുവാൻ അദ്ദേഹം കടപ്പെട്ടിരിക്കുന്നു. അതായിരുന്നു കരാർ.

അതു രക്ഷയെ സംബന്ധിച്ചാകുമ്പോൾ, ചുറ്റുപാട് വ്യത്യസ്തമാണ്. ദയവു ചെയ്തു നാം ചിലപ്പോൾ പറയുന്ന "രക്ഷയുടെ പടികൾ" ആയ - കേൾക്കുക, വിശ്വസിക്കുക, മാനസാന്തരപ്പെടുക, ഏറ്റു പറയുക, കൂടാതെ സ്നാനമേല്ക്കുക എന്നിവയെ - ദൈവത്തോടുള്ള ഉടമ്പടിയുമായി കുഴപ്പിക്കരുത്. "ഇതെല്ലാം ഞാൻ ചെയ്തതുകൊണ്ട്, ഞാൻ രക്ഷിക്കപ്പെടുവാൻ യോഗ്യനാണ്" എന്നു, ചിന്തിക്കരുത്. നാം പാപികളായതുകൊണ്ട് ദൈവത്തിൽ നിന്നു എന്നേക്കുമായി ഛേദിക്കപ്പെടുവാൻ അർഹതപ്പെട്ടവരാണ്. കൃപയാൽ മാത്രമാണ് ദൈവം നമുക്കു രക്ഷ നല്കിയത്.

നാം ദൈവവചനത്തെ അന്വേഷിക്കുമ്പോൾ, വചനത്തിൽ ആശ്രയം വെച്ചു അതിൽ സമർപ്പിക്കപ്പെടുമ്പോൾ, പിന്നെ നാം മാനസാന്തരപ്പെട്ടു ദൈവത്തിനെതിരായുള്ള പ്രവൃത്തികളിൽ നിന്നു തിരിയുമ്പോൾ നാം ദൈവത്തിൽ ആശ്രയമുള്ളവരാകുന്നു. യേശുവിനെ രക്ഷിതാവായി ആഗ്രഹിക്കുന്നു എന്ന് നാം ഏറ്റു പറഞ്ഞു പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്ക്കുമ്പോൾ നാം അവനിൽ ആശ്രയമുള്ളവരാകുന്നു. ഈ പ്രവർത്തികളൊന്നും എനിക്കോ നിങ്ങൾക്കോ മറ്റുള്ളവർക്കോ രക്ഷ നേടിയെടുക്കുവാനുള്ള യോഗ്യത ആകുന്നില്ല. പാപികൾക്കു രക്ഷ നേടി എടുക്കാവുന്നതല്ല. അതു ദൈവത്തിന്റെ കൃപയാൽ മാത്രം ലഭിക്കുന്നതാണ്. ദൈവത്തിന്റെ കൃപയുടെ മാഹാത്മ്യം ഉയർത്തുന്നതാണ് നമ്മുടെ രക്ഷ.

## ദൈവത്തിന്റെ കൃപാദാനത്തെ വെളിപ്പെടുത്തുന്നതാണ് നമ്മുടെ രക്ഷ

2:8, 9 വീണ്ടും വായിക്കുക. "കൃപയാലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ, പ്രവൃത്തികളും കാരണമല്ല." രക്ഷ കൃപയാൽ വിശ്വാസം മൂലമാണ് ലഭിക്കുന്നതെന്നു പൗലൊസ്

രണ്ടു പ്രസ്താവനകളിലൂടെ വീണ്ടും ഉറപ്പിക്കുന്നു. കൃപ എങ്ങനെ സൗജന്യമാണെന്നു അവ രണ്ടും അടിവരയിടുന്നു. അവൻ മുഖ്യമായി പറഞ്ഞു, “നാം നമ്മുടെ രക്ഷ നേടിയതല്ല. ദൈവമാണ് അതു നല്കിയത്. രക്ഷ എന്നതു നമ്മുടെ ഭാഗത്തുനിന്നും ചെയ്തു തീർക്കേണ്ട ജോലി അല്ല. അതു തികച്ചും ദൈവത്തിന്റെ ദാനമാണ്.”

അടുത്തതു, നമ്മുടെ രക്ഷ പ്രവൃത്തികളെ ആസ്പദമാക്കിയുള്ളതല്ല എന്നു പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു. നമ്മുടെ സുപ്രധാന നേട്ടത്തിന്റെ ഭാഗമായി നമുക്ക് കിട്ടുന്ന ഒരു സമ്മാനം അല്ല അത്. ദൈവത്തിന്റെ അംഗീകാരം ലഭിക്കുവാനുള്ള പ്രവൃത്തികളാൽ ആർക്കും ഒരിക്കലും രക്ഷ ലഭിക്കുകയില്ല. “സ്വയം - നേടാവുന്ന രക്ഷയുടെ എല്ലാ സാധ്യത”[2] യെയും പൗലൊസ് തള്ളിക്കളഞ്ഞിരിക്കുന്നു.

കെന്റ് ഹൂഗെസ് പ്രവൃത്തിയാലുള്ള രക്ഷയുടെ വ്യർത്ഥതയെ കാണിക്കുന്ന മദ്ധ്യപൂർവ്വ ദിക്കിലെ ഒരു പഴയ കഥ പറഞ്ഞു.

> ... ഒരു മനുഷ്യൻ തന്റെ കഴുതപ്പുറത്തു കയറി യാത്ര ചെയ്തു പോയപ്പോൾ റോഡരികിൽ ഒരു പതുപതുപ്പുള്ള വസ്തു കിടക്കുന്നതായി തോന്നി. അതെന്താണെന്നു അടുത്തു ചെന്നു നോക്കുവാനായി ഇറങ്ങി ചെന്നപ്പോൾ കണ്ടത് ഒരു തത്ത ആകാശത്തേക്ക് കാലുകൾ ഉയർത്തി കിടക്കുന്നതാണ്. ആദ്യം അയാൾ വിചാരിച്ചതു ആ പക്ഷി ചത്തു കിടക്കുകയാണെന്നാണ്, എന്നാൽ കൂടുതൽ നിരീക്ഷിച്ചപ്പോൾ ജീവനുള്ളതായി തോന്നി. ആ മനുഷ്യൻ തത്തയോടു കുഴപ്പമെന്തെങ്കിലും പറ്റിയോ എന്നു ചോദിച്ചു. അതിനു തത്ത മറുപടി പറഞ്ഞതു, “ഉവ്വ്” എന്നാണ്. ആ മനുഷ്യൻ ചോദിച്ചു, “നീ ഇങ്ങനെ ആകാശത്തേക്കു കാലുകൾ ഉയർത്തി പുറം തിരിഞ്ഞ് കിടക്കുന്നത് എന്താണ്?” അതിനു മറുപടിയായി തത്ത പറഞ്ഞത്, ആകാശം താഴേക്കു വീഴുമെന്ന് ഒരു കിംവദന്തി കേട്ടതുകൊണ്ട് അതിനെ താങ്ങി നിർത്തുവാനാണ് ഞാൻ കാലുകൾ മുകളിലേക്ക് ഉയർത്തി പിടിച്ചിരിക്കുന്നത് എന്നാണ്. ആ മനുഷ്യൻ ചോദിച്ചു, “നിന്റെ ഈ രണ്ടു നേർത്ത കാലുകൾ കൊണ്ട് ആകാശത്തെ തടുത്തു നിർത്തുവാൻ കഴിയുമെന്ന്, നീ വിചാരിക്കുന്നുണ്ടോ?” അതിനു തത്ത, ഗൗരവമുള്ള നോട്ടത്തോടെ, പറഞ്ഞതു, “ഒരാൾ തനിക്കു ചെയ്യുവാൻ കഴിയുന്നതു നന്നായി ചെയ്യുക.” ആ ചെറിയ പക്ഷിയുടെ സ്വയം - വഞ്ചിക്കുന്ന ഫലശൂന്യമായ പ്രവൃത്തികൾ പ്രകടമാണ്.
>
> അതുപോലെ മനുഷ്യന്റെ അവസ്ഥ വളരെ ദുഃഖകരമാണ് കാരണം അവന്റെ പ്രവൃത്തികൾ ഒന്നും ആ ചെറിയ പക്ഷിയുടേതിനേക്കാൾ ഫലപ്രദമല്ല അല്ലെങ്കിൽ അവ മൃതശരീരത്തിൽ മേക്കപ്പ് ഇടുന്നതുപോലെ ആണ്. ആരും ഒരിക്കലും പ്രവൃത്തികളാൽ രക്ഷിക്കപ്പെടുകയില്ല.[3]

സ്നേഹിതാ, ഒരു രക്ഷിക്കപ്പെട്ട ആൾ അഹങ്കാരത്തോടെ മറ്റൊരാളെ നോക്കി, “ഞാൻ അയാളെക്കാൾ നീതിമാനാണ്. ഞാൻ അയാളേക്കാൾ നല്ലവനാണ്. ഞാൻ നല്ല ഒരു രക്ഷിതാവാണ്. എനിക്ക് നല്ല ധാർമ്മിക നിലവാരമുണ്ട്. ക്രിസ്തുവിനെ ഞാൻ സ്ഥിരമായിട്ടാണ് പിൻപറ്റുന്നത്. ഞാൻ ഒരു നല്ല ക്രിസ്ത്യാനിയാണ്” എന്നു വിചാരിച്ചാൽ അതു എന്തുകൊണ്ട് പരിഹാസ്യമാണെന്നു വ്യക്തമാക്കുന്നു.

അത്തരം ആത്മിയ അഹങ്കാരം നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും

കടന്നുകൂടാൻ സാധ്യതയുണ്ട്, എന്നാൽ അതു ദൈവകൃപയെ തെറ്റിദ്ധരിച്ചതുകൊണ്ടാണ് എന്നു കാണാം. നാം ക്രൂശിങ്കൽ നില്ക്കുമ്പോൾ എല്ലാവരും ഒരുപോലെയാണ്. നമ്മുടെ നീതിയെ ആസ്പദമാക്കിയല്ല നമ്മുടെ പ്രത്യാശ, നാം എത്ര നല്ലവരായതുകൊണ്ടോ, അതിശയകരമായ മാതാപിതാക്കൾ ആയതുകൊണ്ടോ മക്കളായതുകൊണ്ടോ, നമ്മുടെ ധാർമ്മികതയോ ഒന്നും പ്രത്യാശക്കു ബാധകമാകുന്നില്ല. നമ്മുടെ ഏക പ്രത്യാശ ദൈവത്തിന്റെ കൃപാദാനമായ - യേശുക്രിസ്തുവിൽ മാത്രമാണ്. തൽഫലമായി, നമുക്ക് ആർക്കും മറ്റുള്ളവരേക്കാൾ കൂടുതൽ ഉയർന്ന ആത്മിയത ഉള്ളതായി അവകാശപ്പെടുന്നതിനെ അല്ലെങ്കിൽ പുകഴ്ത്തി പറയുന്നതിനെ ന്യായീകരിക്കുവാൻ സാധിക്കുകയില്ല. ബലഹീനതയുള്ളവരിൽ നിന്നകന്നു നില്ക്കുവാൻ നമുക്ക് ആർക്കും അവകാശമില്ല. നമ്മുടെ ബലഹീനതക്കായി നാം മറ്റുള്ളവരുടെ സഹായം അഭ്യർത്ഥിക്കുകയും മറ്റുള്ളവരുടെ ബലഹീനതയിൽ അവരെ സഹായിക്കുകയും വേണം.

ദൈവത്തിന്റെ കൃപാദാനത്തിൽ സന്തോഷിക്കുവാനും, മറ്റുള്ളവർ അവന്റെ കൃപ അറിയുന്നതിൽ അവരെ സ്നേഹിക്കുവാനും, സഹക്രിസ്ത്യാനികളെ സ്നേഹിക്കുന്നതിനും ആണ് നമ്മെ വിളിച്ചിരിക്കുന്നത്. അപൂർണ്ണരായിക്കൊണ്ടു തന്നെ, നാം സഹോദരന്മാരെ സ്നേഹിക്കണം, കാരണം നാമെല്ലാവരും ഒരേ കൃപാദാനം പങ്കിടേണ്ടവരാണ്.

### ദൈവകൃപയുടെ ക്രിയാത്മകത
### വർദ്ധിപ്പിക്കുന്നതാണ് നമ്മുടെ രക്ഷ

പൗലൊസ് തുടരുന്നു, "നാം അവന്റെ കൈപ്പണിയായി, സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു, അവ ചെയ്തുപോരേണ്ടതിനു, ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (2:10). നാം എന്താണ് എന്നു ശ്രദ്ധിക്കുക: ദൈവത്തിന്റെ "കൈപ്പണി." "കൈപ്പണി" എന്നതിന്റെ ഗ്രീക്ക് വാക്ക് *പൊയെമാ* എന്നാണ്, അതിൽ നിന്നാണ് നമുക്ക് "പോയെം" എന്ന വാക്ക് ലഭിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം "ഒരു കലാപ്രവൃത്തി, ഒരു അത്യുത്തമ സൃഷ്ടി" എന്നാണ്. ക്രിസ്തുവിൽ, നിങ്ങൾ ദൈവത്തിന്റെ കൃപ ലഭിച്ചു അവന്റെ കലാപ്രവൃത്തി ആയി തീരുന്നു.

മൈക്കലാഞ്ചെലോയുടെ പെയിന്റിങ്ങുകളും കലാരൂപങ്ങളും അയാളുടെ ക്രിയാത്മക കഴിവിനെയാണ് സൂചിപ്പിക്കുന്നത്. ഷെയ്ക്സ് പിയറിന്റെ നാടകങ്ങൾ ഒരു യജമാനന്റെ കൈവേലയെയാണ് ഓർമ്മിപ്പിക്കുന്നത്. മൊസാർട്ടിന്റെ സംഗീതം നിസ്തുലമായ രചയിതാവിന്റെ താലന്തിനെയാണ് പ്രഖ്യാപിക്കുന്നത്.

പൗലൊസ് പറഞ്ഞതു, "സഹോദരന്മാരേ, ചുറ്റും നോക്കുക. നിങ്ങളുടെ പ്രാദേശിക സഭയിലെ ആളുകളെ നോക്കുക. അവരുടെ ജീവിതത്തിൽ ദൈവം വരുത്തിയ മാറ്റങ്ങൾ ശ്രദ്ധിക്കുക. ഓരോ ജീവിതവും ദൈവത്തിന്റെ കരവിരുതാണ് തെളിയിക്കുന്നത്. അവൻ അപകടത്തിൽ പ്പെട്ട, മുറിവേറ്റ, വികൃതമായ, തെറ്റായി നയിക്കപ്പെട്ട ജീവിതങ്ങളെ എടുത്ത് കലാ പ്രവൃത്തികളാക്കി മാറ്റി."

നാം ദൈവത്തിന്റെ കൈപ്പണിയാണ്. ക്രിസ്തീയ യുവാക്കൾ ദൈവത്തിന്റെ പദ്യങ്ങളാണ്, അവന്റെ സ്നേഹവും, കരുണയും, കൃപയും അവർ പകർന്നുതരുന്നു. സഭയിലെ സ്ത്രീകൾ ദൈവത്തിന്റെ പെയിന്റിങ്ങ്സാണ്,

അവ ജീവിത സത്തയുടെ കാൻവാസിൽ പകർത്തുവാൻ രൂപപ്പെടുത്തിയതുമാണ്. ക്രിസ്തുവിനെ അനുഗമിക്കുന്ന പുരുഷന്മാർ പ്രതിഫലിപ്പിക്കേണ്ടത് യേശുവിന്റെ തന്നെ രൂപമാണ്. ക്രിസ്ത്യാനികൾ ഒരുമിച്ചു ദൈവത്തെ ആരാധിക്കുമ്പോൾ, നമ്മെ രക്ഷിച്ച ദൈവത്തിന്റെ മഹത്വത്തിന്റെ മഹത്തായ ശക്തിയെയാണ് അവർ അറിയിച്ചു തരുന്നത്.

നാം ദൈവത്തിന്റെ കൈപ്പണിയാണ്. എന്തുകൊണ്ട്? ആ വാക്യത്തിന്റെ അവസാന ഭാഗം ശ്രദ്ധിക്കുക: "... *സൽപ്രവൃത്തിക്കായി* ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു." നമ്മെ ഓരോരുത്തരെയും – സേവിക്കുവാനാണ് ദൈവം രക്ഷിച്ചത്. സൽപ്രവൃത്തികൾ ചെയ്യുന്നതിനു പ്രായം തടസ്സമല്ല, അതിൽ നിന്നു പ്രായം നമ്മെ വിരമിപ്പിക്കുന്നില്ല. യേശു പറഞ്ഞു, "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16).

സഭാ കാര്യങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കേണ്ടതല്ല സൽപ്രവൃത്തികൾ. സൽപ്രവൃത്തികൾ ദൈനന്തിന ജീവിതത്തിൽ ഉൾപ്പെട്ടിരിക്കുന്നു – വീട്ടിൽ സഹോദരനോടോ സഹോദരിയോടോ ഉപയോഗിക്കുന്ന ശബ്ദത്തിന്റെയും വാക്കുകളുടെയും സവിശേഷതയിൽ, നിങ്ങളുടെ മേലുദ്യോഗസ്ഥനോടു നിങ്ങൾ കടപ്പെട്ടു ചെയ്യുന്ന ഗുണകരമായ പ്രവൃത്തിയിൽ, പലചരക്കുകടയിലെ പെൺകുട്ടിയോടു നിങ്ങൾ കാണിക്കുന്ന ക്ഷമാശീലത്തിൽ, ഒരാൾ അയാളുടെ ഭാരങ്ങൾ നിങ്ങളുമായി പങ്കിടുമ്പോൾ അയാൾക്കു നൽകുന്ന പ്രോത്സാഹനത്തിലും അത് ഉൾപ്പെടുന്നു.

ജീവിതവുമായും നാം എങ്ങനെ ജീവിക്കുന്നു എന്നതുമായും സൽപ്രവൃത്തികൾ ബന്ധപ്പെട്ടിരിക്കുന്നു.

**ഉപസംഹാരം**

ഒരു ഡോക്ടർ പറഞ്ഞകഥ ബ്രെണ്ണൻ മാനിങ്ങ് തന്റെ *ദ രാഗമുഫിൻ ഗോസ്പെൽ* എന്ന പുസ്തകത്തിൽ, എഴുതിയിരിക്കുന്നു:

> ഒരു യുവതിയായ സ്ത്രീ, കിടന്നിരുന്ന കിടക്കക്കരികിൽ ഞാൻ നിന്നു, അവളുടെ മുഖം ശസ്ത്രക്രിയക്കുശേഷം, വിഡ്ഢി വേഷം കെട്ടിയതുപോലെ കോടി പോയിരുന്നു. മുഖത്തെ ഒരു ഞരമ്പു ചിനപ്പുപോലെ കാണപ്പെട്ടു, മുഖത്തെ പേശിയും, ക്രൂരഭാവം തോന്നിച്ചിരുന്നു. ഇപ്പോൾ മുതൽ അവൾ അങ്ങനെയായിരിക്കും കാണപ്പെടുക. അതിയായ ദൈവവിശ്വാസത്തോടെയാണ് ഡോക്ടർ അവളുടെ ഓപ്പറേഷൻ തുടർന്നത്; അത് ഞാൻ ഉറപ്പുതരുന്നു. എങ്കിലും, അവളുടെ കവിളിലെ മുഴ എനിക്ക് നീക്കം ചെയ്യുവാൻ, ഒരു ഞരമ്പു മുറിക്കേണ്ടി വന്നു.
>
> അവളുടെ യുവാവായ ഭർത്താവു മുറിയിലുണ്ടായിരുന്നു. കിടക്കയുടെ എതിർവശത്ത് അയാൾ നിൽക്കുമ്പോൾ വൈകുന്നേരത്തെ വിളക്കിന്റെ പ്രകാശത്തിൽ അവർ ഒന്നിച്ചു നില്ക്കുന്നതായി തോന്നുന്നു, എന്നിൽ നിന്നു വേറിട്ട്, തികച്ചും വേറിട്ടു അവർ ആയിരിക്കുന്നു. അവർ ആരായിരിക്കും, ഞാൻ സ്വയം ചോദിച്ചു, അയാളെയും കോടിപോയ എന്റെ മുഖത്തെയും, കണ്ണിമക്കാതെ നോക്കുകയും പരസ്പരം സ്നേഹത്തോടെ, തുറിച്ചു നോക്കുന്നത് ആരാണ്? ആ യുവതിയായ സ്ത്രീ

ചോദിച്ചു.

"എന്റെ മുഖം ഇനി എപ്പോഴും ഇങ്ങനെ തന്നെ ആയിരിക്കുമോ?" അവൾ ചോദിച്ചു.

"അതെ," ഞാൻ പറഞ്ഞു, "അങ്ങനെ തന്നെയായിരിക്കും. അങ്ങനെ യാകുവാൻ കാരണം ഞരമ്പു മുറിച്ചതുകൊണ്ടാണ്."

അവൾ തല കുലുക്കി നിശബ്ദയായിരുന്നു. എന്നാൽ ചെറുപ്പക്കാരൻ പുഞ്ചിരിച്ചു.

"എനിക്ക് അതിഷ്ടമായി," അയാൾ പറയുന്നു. "അതു ഒരുതരം ചന്തം തന്നെയാണ്."

ഉടനെ അയാൾ ആരാണ് എന്ന് എനിക്കു *മനസ്സിലായി.* മനസ്സിലാക്കി യതുകൊണ്ട് ഞാൻ എന്റെ നോട്ടം താഴ്ത്തി. ഒരു ദേവനെ കണ്ടുമുട്ടുമ്പോൾ ഒരാൾ ധൈര്യവാനാകയില്ല. അതു കാര്യമാക്കാതെ, അയാൾ തല കുനിച്ചു വികൃതമായ ചുണ്ടുകളിൽ ചുംബിക്കുവാൻ കുനിഞ്ഞപ്പോൾ അയാളുടെ ചുണ്ടുകൾ അവളുടേതിനോടു ചേർക്കുവാൻ പാടുപെടുന്നതു അടുത്തു നിന്ന എനിക്കു കാണുവാൻ കഴിഞ്ഞു, അത് അവരുടെ സ്നേഹം ഇനിയും നിലനില്ക്കും എന്നവളെ കാണിക്കുവാനാണ്.[4]

ക്രൂശിനെ ഓർക്കുക. ഗൊൽഗോഥയെ ഓർക്കുക. ദൈവം അവിടെയു ണ്ടായിരുന്നു എന്നോർക്കുക - ദൈവം ഒരു മനുഷ്യനായി. വിരൂപവും, രൂപം മാറിയതും, അടിയേറ്റതും, രക്തം വാർന്നതും ആയി ദൈവത്തെ കാണ പ്പെട്ടു. ദൈവം, യേശുവിൽ ആയി, നമ്മിലേക്കു ബന്ധിപ്പിക്കുവാൻ അവന്റെ ചുണ്ടുകൾ കോട്ടുന്നു, നമ്മുടെ മങ്ങിയ സൽപ്രവൃത്തികൾക്കു പകരം, അവന്റെ കൃപയുടെ അടിസ്ഥാനത്തിലായിരുന്നു നമ്മളോടു ഇടപെട്ടത്.

യഥാർത്ഥ ദൈവകൃപ എന്തെന്നറിയുവാൻ ഒരു നിമിഷം നിങ്ങളുടെ ഹൃദയം തുറക്കുക. ദൈവകൃപ നിങ്ങളുടെ ജീവിതത്തിലേക്ക് ഒഴുകുവാൻ നിങ്ങളുടെ വിശ്വാസം വഴി ഒരുക്കിയിട്ടുണ്ടോ? നിങ്ങൾ സ്നാനം ഏറ്റതു, രക്ഷ നേടുവാനല്ല, എന്നാൽ യേശുവിൽ മാത്രമുള്ള നിങ്ങളുടെ ശക്തമായ വിശ്വാസം പ്രകടിപ്പിക്കുവാനാണോ?

അഹംഭാവത്തോടെയാണോ നിങ്ങൾ ദൈവകൃപയെ കാണുന്നത്? ഒരു പക്ഷെ നിങ്ങൾ നിങ്ങളെത്തന്നെ ഒരു പീഠത്തിന്മേൽ നിർത്തിയിരിക്കുകയാ കാം. നന്മയിലും നീതിയിലും മറ്റുള്ളവരേക്കാൾ ഒരു പടി ഉയരത്തിൽ ആയി ട്ടായിരിക്കാം നിങ്ങളെ സ്വയം കാണുന്നത്. എല്ലാവർക്കും ദൈവം കൂടിയേ തീരൂ എന്ന് ഒരിക്കൽ കൂടെ ദൈവകൃപ നിങ്ങളെ ബോധ്യമാക്കുന്നില്ലേ? ദൈവകൃപയെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, നാം വിമർശിക്കുന്നവരും അഹങ്കരിക്കുന്നവരും ആകാതിരിക്കേണ്ടതിന് സഹായിക്കുവാൻ, ദൈവ ത്തോടു നിങ്ങൾ അപേക്ഷിക്കുമോ?

ദൈവകൃപ സൽപ്രവൃത്തികളുടെ ഉദ്ദേശത്തെയും മൂല്യത്തെയും വീണ്ടും കാണുവാൻ നിങ്ങളെ ഉത്തേജിപ്പിക്കുന്നുണ്ടോ? സൽപ്രവൃത്തിക ളാൽ നമുക്കു സമ്പാദിക്കാവുന്ന ഒന്നുമില്ല. അത് നമുക്കു ദൈവത്തിന്റെ എല്ലാ കൃപക്കും നന്ദി സൂചിപ്പിക്കുവാൻ മനോഹരമായ ഒരു വഴി മാത്ര മാണ് തരുന്നതു, "കർത്താവേ, നിനക്ക് നന്ദി."

കുറിപ്പുകൾ

[1]മാക്സ് ലുക്കാഡോ, *ഹീ സ്റ്റിൽ മൂവ്സ് സ്റ്റോൺസ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1993), 196. [2]എ. സ്ക്കേവിങ്ടൺ വുഡ്, *എഫെഷ്യൻസ്*, ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമെന്ററി വിത്ത് ദ ന്യൂ ഇന്റർനാഷ്ണൽ വെർഷൻ ഓഫ് ദ ഹോളി ബൈബിൾ, ജെന. എഡി. ഫ്രാങ്ക് ഈ. ജിബലിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടെർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1978), 36. [3]കെന്റ് ഹൂഗ്സ്, *എഫെഷ്യൻസ്: ദ മിസ്റ്ററി ഓഫ് ദ ബോഡി ഓഫ് ക്രൈസ്റ്റ്* (വീറ്റൺ, Ill.: ക്രോസ്‌വേ ബുക്സ്, 1990), 84. [4]ബ്രെണ്ണൻ മാനിങ്ങ്, *ദ രാഗമുഫിൻ ഗോസ്പെൽ: എമ്പ്രേസിങ്ങ് ദ അൺകണ്ടീഷ്ണൽ ലവ് ഓഫ് ഗോഡ്* (സിസ്റ്റേഴ്സ്, ഒറേഗ്.: മൾട്ട്നോമാ ബുക്സ്, 1990), 105–6.